THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
REGISTERED OFFICE: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301, 2578302, 2578303, 2578304, 2578164 (GMO) Fax: 0481.2578448 Web: www.pcklimited.in E-mail: pckltd@bsnl.in , pckoperations@gmail.com


GSTIN No: 32AAACT7596H2Z2

PRO/F106/CN/3815 27.11.2025

## ടെണ്ടർ നോട്ടീസ്

## കശുമാവ് നഴ്സറി-ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ മുഖേന

പ്ലാന്റേഷൻ കോർപ്പറേഷന്റെ താഴെ പറയുന്ന എസ്റ്റേറ്റുകളിലായി 2026 സീസണിൽ 4 ലക്ഷം (നാലു ലക്ഷം എണ്ണം) കശുമാവ് ഗ്രാഫ്റ്റ് തൈകളുടെ നഴ്സറി ഉണ്ടാക്കുന്നതിനുള്ള ഇ-ദർഘാസ്സ്-ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.

| എസ്റ്റേറ്റ് | തൈകളുടെ എണ്ണം (ഉദ്ദേശം) |
|---|---|
| കാസർഗോഡ് | 1.5 ലക്ഷം |
| ചീമേനി | 1 ലക്ഷം |
| രാജപുരം | 1.5 ലക്ഷം |

### വ്യവസ്ഥകൾ

1. കൂടകളിൽ മണ്ണ് നിറച്ച് വിത്തു പാകി മുളപ്പിച്ച് വളർത്തി ഗ്രാഫ്റ്റ് ചെയ്ത് പിടിപ്പിച്ച് നല്ല ഗുണ നിലവാരത്തിലുള്ള തൈകൾ ഉണ്ടാക്കി തരുന്നതിന് തൈ ഒന്നിന് കോർപ്പറേഷൻ നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത്.

2. തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ വിത്തണ്ടി കോർപ്പറേഷൻ നല്കുന്നതാണ്.

3. ഗ്രാഫ്റ്റിങ്ങിനാവശ്യമായ മണ്ണ് കോർപ്പറേഷന്റെ തോട്ടങ്ങളിൽ നിന്നും കരാറുകാരൻ സ്വന്തം ചിലവിൽ കോർപ്പറേഷന്റെ നിർദ്ദേശാനുസരണം ശേഖരിക്കേണ്ടതാണ്. ആയത് കരാറുകാരൻ മുൻകൂട്ടി കോർപ്പറേഷനെ അറിയിക്കേണ്ടതും രേഖാമൂലം അപേക്ഷ നൽകി വാങ്ങേണ്ടതുമാണ്.

4. സയൺ കോർപ്പറേഷന്റെ തോട്ടങ്ങളിൽനിന്നും ലഭ്യമാക്കുന്നതും, ആയത് കോർപ്പറേഷൻ നിർദ്ദേശിക്കുന്ന തോട്ടങ്ങളിൽ നിന്നും കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ശേഖരിച്ചു കൊണ്ടുപോകേണ്ടതുമാണ്. ആയത് കരാറുകാരൻ മുൻകൂട്ടി കോർപ്പറേഷനെ അറിയിക്കേണ്ടതും രേഖാമൂലം അപേക്ഷ നൽകി വാങ്ങേണ്ടതുമാണ്.

5. കൂട, ഗ്രാഫ്റ്റിങ്ങിന് വേണ്ട സാമഗ്രികൾ, തണൽ കൊടുക്കാൻ ആവശ്യമായ എല്ലാ വസ്തുക്കളും, കുമിൾ/കീടനാശിനികൾ തുടങ്ങിയവും, മേൽ ജോലികൾക്ക് ആവശ്യമുള്ളതായ മറ്റെല്ലാ സാധനങ്ങളും കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വാങ്ങേണ്ടതുമാണ്.

6. കരാർ തീയ്യതി മുതൽ കശുമാവ് തൈ സംരക്ഷിക്കുന്നതിനുള്ള എല്ലാ പ്രവർത്തികളും കരാറുകാരൻ യഥാസമയം ചെയ്ത് തീർക്കേണ്ടതാണ്.

7. മേൽപ്പറഞ്ഞ എല്ലാ ജോലികളുടെയും നടത്തിപ്പും മേൽനോട്ടവും കരാറുകാരൻ നടത്തേണ്ടതാണ്.

8. കരാറുകാരന്റെ സ്വന്തം ചെലവിൽ ജോലിക്കാർ, പണിയായുധങ്ങൾ, യന്ത്രങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.

9. ടെണ്ടർ ഉറപ്പിച്ച് കിട്ടുന്ന ആൾ അറിയിപ്പ് ലഭിച്ച് 3 ദിവസത്തിനകം 10% വരുന്ന തുക സെക്യൂരിറ്റിയായി കെട്ടി വെച്ച് 200 രൂപ മുദ്ര പത്രത്തിൽ എഗ്രിമെന്റ് വെച്ച് ജോലികൾ ആരംഭിക്കേണ്ടതും 120 ദിവസങ്ങൾക്കകം ജോലികൾ പൂർത്തിയാക്കേണ്ടതുമാണ്.

10. കരാർ പ്രകാരമുള്ള പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ചവരുത്തിയാൽ, വീഴ്ചവരുത്തുന്ന പക്ഷം ഓരോ 7 ദിവസത്തിനും കരാറുകാരനിൽ നിന്നും കരാർ തുകയുടെ ½% വരുന്ന തുക ഈടാക്കി പരമാവധി 15 ദിവസം വരെ കാലാവധി നീട്ടി നൽകുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. തുടർന്നും ടി പ്രവർത്തികൾ പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തുന്നതാകയാൽ കരാർ റദ്ദുചെയ്യുന്നതിനും, ടിയാൻ അടച്ചിട്ടുള്ള എല്ലാ സംഖ്യകളും, കണ്ടുകെട്ടി കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതാണ്.

11. വിജയകരമായ ഉന്നത ഗുണനിലവാരത്തിലുള്ളതായ **4 ലക്ഷം (നാലു ലക്ഷം) തൈകളാണ്** കോർപ്പറേഷന് ഉണ്ടാക്കി തരേണ്ടത്. കൂടകളിൽ മണ്ണ് നിറച്ച വിത്ത് പാകിയാൽ 20 ശതമാനവും മുളച്ച ചെടി ഗ്രാഫ്റ്റിംഗിന് പരുവമാകുമ്പോൾ 20 ശതമാനവും തുക പാർട്ട് ബിൽ ആയും 50 ശതമാനം ഗ്രാഫ്റ്റിങ് വർക്ക് കഴിഞ്ഞാൽ, 30 ശതമാനം പാർട്ട് ബില്ലും നൽകുന്നതാണ്.

12. ഫൈനൽ പേമെന്റ് മാനേജിംഗ് ഡയറക്ടറുടെ തീരുമാനത്തിനു വിധേയമായി നൽകു ന്നതായിരിക്കും.

13. അതാത് എസ്റ്റേറ്റുകളിൽ ഉണ്ടാക്കേണ്ട തൈകളുടെ എണ്ണത്തിൽ കോർപ്പറേഷന്റെ താല്പര്യത്തിനനുസൃതമായ മാറ്റങ്ങൾ ഉണ്ടാകാവുന്നതാണ്. ടി പ്രവർത്തിയുടെ പ്രതിഫലം അംഗീകരിച്ച അതെ നിരക്കിൽ തന്നെ നൽകുന്നതുമാണ്.

14. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സീൽഡ് ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.

15. ഇ-ടെണ്ടർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118 രൂപയും, നിരതദ്രവ്യം ഓരോ എസ്റ്റേറ്റിനും 5,000/-(അയ്യായിരം) രൂപയുമാണ്.

16. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക. ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന നമ്പരുകളിലേക്ക് വിളിക്കാവുന്നതാണ്.
പി.സി.കെ.-Ph. 7593938769, 0481-2578301-04, 9048614891. E-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.comfor assistance in this regard.

17. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെണ്ടർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ (A/c Holder : PCK, ബാങ്ക്: CANARA BANK, ശാഖ: KANJIKUZHY, അക്കൗണ്ട് നമ്പർ: 2964201000003, IFSC CODE: CNRB0002964))RTGS/NEFT/ Electronic payments മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും, ക്രേതാവിന്റെ തിരിച്ചറിൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പിയും, ടെണ്ടർ ഫീസ്സ് (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്. D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി-ടെണ്ടർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷന്റെ ഒറിജിനൽ, പാൻ കാർഡ്, ആധാർകാർഡ് എന്നിവയുടെ കോപ്പികളും ടെൻഡർ തുറക്കുന്ന ദിവസം (തീയതി-18.12.2025) 10.00 A.M. മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസ് കോട്ടയത്ത് മുദ്രവെച്ച കവറിൽ കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ "കശുമാവ് ഗ്രാഫ്റ്റ് നഴ്സറി- ദർഘാസ് രേഖകൾ" എന്ന ശീർഷകം വെക്കേണ്ടതും, ദർഘാസ്സ് നമ്പർ, എസ്റ്റേറ്റ്, ബ്ലോക്ക്, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ലഭിച്ചിരിക്കേണ്ടതാണ്.

18. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച് (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ സമർപ്പിക്കേണ്ട അവസാന സമയത്തിനു മുൻപായി വാങ്ങേണ്ടതാണ്. ഓരോ എസ്റ്റേറ്റിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5000 രൂപ അതാത് എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി.ഡി ആയോ, അതുമല്ലെങ്കിൽ RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ സമർപ്പിക്കുന്നതിന് മുൻപായി അടച്ചിരിക്കേണ്ടതും, ആയതിന്റെ രേഖ **അതാത് എസ്റ്റേറ്റിൽ** ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ടെൻഡർ ഫോറത്തിനൊപ്പം, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, ടെൻഡർ

വ്യവസ്ഥകളുടെ എല്ലാ പേജുകളിലും ഒപ്പിട്ട് ദർഘാസിനൊപ്പം ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പികൾ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ "കശുമാവ് ഗ്രാഫ്റ്റ് നഴ്സറി - ദർഘാസ് രേഖകൾ" എന്ന ശീർഷകം വെക്കേണ്ടതും, ദർഘാസ്സ് നമ്പർ, എസ്റ്റേറ്റ്, ബ്ലോക്ക്, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ദർഘാസുകൾ അതാത് എസ്റ്റേറ്റ് ഓഫീസിൽ ടെണ്ടർ സമർപ്പിക്കേണ്ട അവസാന സമയത്തിന് മുൻപുതന്നെ നല്കിയിരിക്കേണ്ടതാണ്. മുദ്ര വെച്ച ദർഘാസുകൾ ഹെഡ് ഓഫീസിൽ വച്ച് 18.12.2025, 12.00 PM ന് തുറക്കുന്നതായിരിക്കും.

19. ഇ-ടെണ്ടറും, സീൽഡ് ടെണ്ടറും 17.12.2025, 12.00 PM. വരെ സമർപ്പിക്കാവുന്നതാണ്. മുദ്ര വെച്ച ദർഘാസുകൾ അതാത് എസ്റ്റേറ്റിൽ 17.12.2025, 12.00 PM വരെ സ്വീകരിക്കുന്നതും 18.12.2025, 12.00 PM.-ന് PCK ഹെഡ് ഓഫീസിൽ വച്ച് ആ സമയത്ത് ഹാജരായിട്ടുള്ള കരാറുകാരുടെയോ അവരുടെയോ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് 18.12.2025, 12.00 PM-ന് ശേഷംതാഴെ കാണിച്ചിരിക്കുന്ന സമയപ്രകാരം ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകുന്നതാണ്. ഇ-ദർഘാസ്/ മുദ്രവച്ച ദർഘാസ് എന്നിവയിൽ നിന്നും **ഏറ്റവും കുറഞ്ഞ തുകയാണ്** ഇ-ഓക്ഷൻ തുടങ്ങുന്നതിനുള്ള അടിസ്ഥാന വിലയായി നൽകുന്നതും, ആയതിൽ നിന്നും ഇ-ഓക്ഷൻ ആരംഭിക്കുന്നതുമാകുന്നു. ശേഷം ഇ-ടെൻഡർ-കം-ഓക്ഷൻ /സീൽഡ് ടെൻഡർ എന്നിവയിൽ ലഭിക്കുന്നതായ തുകകളിൽ ഏതാണോ **കുറഞ്ഞ തുക** അതായിരിക്കും ടെൻഡർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക. ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവൃത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30 ന് ഇ-ഓക്ഷൻ കഴിഞ്ഞുള്ള ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.

20. **മുദ്രവെച്ച ദർഘാസ് / ഇ- ദർഘാസുകൾ നടത്തപ്പെടുന്ന സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു.**

| മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാനുള്ള സ്ഥലവും സമയവും | ഇ -ടെൻഡർ സമർപ്പിക്കുവാനുള്ള അവസാന സമയം | മുദ്രവെച്ച ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും | ഇ -ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട അവസാന സമയവും സ്ഥലവും | ഇ-ഓക്ഷൻ തുടങ്ങുന്ന സമയം |
|---|---|---|---|---|
| കാസർഗോഡ്, രാജപുരം, ചീമേനി എസ്റ്റേറ്റ് ഓഫീസ് 17.12.2025, 12.00 PM. | 17.12.2025, 12.00 PM. | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 18.12.2025, 12.00 PM. | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 18.12.2025, 10.00 AM. | 18.12.2025, 2.00 PM. to 4.00 PM. |

21. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.

22. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ (പി.സി.കെ. ലിമിറ്റഡ്) നിക്ഷിപ്തമായിരിക്കും. അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാഗ്ദാനത്തുകയിൽ മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ, ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, **ഏറ്റവും കുറഞ്ഞ തുക** മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

23. ടെൻഡർ സമർപ്പിക്കുന്നതിന് മുമ്പായി കരാർ പ്രവൃത്തികൾ ചെയ്യേണ്ട സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ നിലവിലെ അവസ്ഥ, വിസ്തൃതി, ജലലഭ്യത, ഗതാഗതസൗകര്യം എന്നിവ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| **ഉദ്യോഗസ്ഥന്റെ പേര്** | **തസ്തിക** | **എസ്റ്റേറ്റ്** | **മൊബൈൽ/ ലാൻഡ് നമ്പർ** |
|---|---|---|---|
| ശ്രീ.സന്തോഷ് എം. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 9447142369 0481-2578301-04 |
| ശ്രീ.യു.സജീവ് | മാനേജർ | കാസർഗോഡ് | 9447204200, 0499-4250223 |
| ശ്രീ .ജി . അരുൺകുമാർ | മാനേജർ | രാജപുരം | 8547099101, 9447269076, 9496076066, 0467-2227247 |
| ശ്രീ. മുഹമ്മദ് റിയാസ് | മാനേജർ | ചീമേനി | 9496076063, 0467-2250323 |

24. ഇദർഘാസിലൂടെയോ, സാധാരണ ദർഘാസിലൂടെയോ ഭാഗീകമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
25. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
26. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
27. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അതികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.
28. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

29. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. ഈ ടെണ്ടറുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും സമയ ബന്ധിതമായും നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഇതിന്റെ സാമ്പത്തികപരമായോ മറ്റേതെങ്കിലും തരത്തിലുള്ള ബാധ്യതയ്ക്കോ കോർപ്പറേഷനോ ജീവനക്കാരോ ഉത്തരവാദിയായിരിക്കുന്നതല്ല. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പെടെയുള്ള ബാധ്യതകൾ തുടങ്ങിയവ).

30. ഉല്പ്പാദിപ്പിക്കപ്പെടുന്ന തൈകളുടെ ഗുണമേന്മയും ഇനവും ഉറപ്പ് വരുത്തുന്നത് കരാറുകാരൻ ബാധ്യസ്ഥമായിരിക്കുന്നതും, ആയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് കോർപ്പറേഷന്റെ ഉത്തരവാദിത്വവും ആയിരിക്കും.
31. നേഴ്സറിയുടെ നിർമ്മാണം, സംരക്ഷണം, കാർഷിക നിർവ്വഹണം എന്നിവ കരാറുകാരന്റെ പൂർണ്ണമായ ഉത്തരവാദിത്വമായിരിക്കുന്നതാണ്.
32. കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിരസ്വഭാവമുള്ള നിർമ്മാണപ്രവർത്തനങ്ങൾ യാതൊന്നും തോട്ടത്തിനുള്ളിൽ നടത്താൻപാടുള്ളതല്ല.
33. കരാർ തൃപ്തികരമായി പൂർത്തിയാക്കി ഒരു മാസത്തിനകം കരാറുകാരൻ അടച്ചിട്ടുള്ള കരുതൽധനം പലിശരഹിതമായി മടക്കിനൽകുന്നതായിരിക്കും.
34. കരാർ പ്രവൃത്തികളുടെ നടത്തിപ്പ് മൂലം എസ്റ്റേറ്റിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് യാതൊരു തടസ്സവും ഉണ്ടാകാൻ പാടില്ല.
35. കരാർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുന്ന ദർഘാസ്സ് സമർപ്പിച്ച വ്യക്തി / സ്ഥാപനം, ടെണ്ടറിന്മേൽ അന്തിമതീരുമാനമെടുക്കുന്നതുവരെ സ്വമേധയാ ടെണ്ടറിൽ നിന്ന് പിന്മാറാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി / സ്ഥാപനം അപ്രകാരം ചെയ്താൽ, അടച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറഷൻ മുതൽ കൂട്ടുവാനും കരാറുകാരനെതിരെ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനും കോർപ്പറേഷന് അധികാരമുള്ളതാകുന്നു.
36. കരാർ കാലയളവിൽ, കോർപ്പേറഷന്റെ പേരോ, സൂചകങ്ങളോ ഉപയോഗിക്കുന്നതിന് ക്രേതാവിനു അവകാശമുണ്ടായിരിക്കുന്നതല്ല.
37. തൈകൾ ഉദ്പാദിപ്പിക്കുന്ന അവസരങ്ങളിൽ, ഏതു സമയത്തും പ്രസ്തുത പ്രവർത്തികൾ വീക്ഷിക്കാനും, വേണ്ട നിർദ്ദേശങ്ങൾ നൽകാനും എസ്റ്റേറ്റ് മാനേജർക്കോ, അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥർക്കോ അവകാശമുണ്ടായിരിക്കുന്നതാണ്. കശുമാവ് തൈകൾ ഉദ്പാദിപ്പിക്കുന്നതിൽ കോർപ്പറേഷൻ നൽകുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
38. കരാറുകാരൻ/ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ട തുക യഥാസമയം അടക്കുന്നതിന് വീഴ്ച വരുത്തുന്നതാകയാൽ അടക്കേണ്ട തുകയും, അടക്കേണ്ട തുകക്ക് ആഴ്ച ഒന്നിന് ½ % എന്ന നിരക്കിൽ പിഴപ്പലിശയും സഹിതം അടച്ചു തീർക്കുന്നതിന് പരമാവധി 15 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും ടി-തുകകൾ അടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരൻ

കോർപ്പറേഷനിൽ അടച്ചിട്ടുള്ള സകലവിധ തുകയും കണ്ടുകെട്ടി കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽക്കൂട്ടുന്നതും, കൂടാതെ കരാർ ഉടമ്പടി റദ്ദുചെയ്യുന്നതുമായിരിക്കും. തുടർന്ന് ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ പ്രകാരമുള്ള പ്രവർത്തികൾ ബദൽ മാർഗ്ഗേന ചെയ്തു തീർക്കുന്നതും, തന്മൂലം കോർപ്പറേഷന് ഉണ്ടാകാനിടയുള്ളതായ എല്ലാവിധ ചെലവുകളും, നഷ്ടവും ക്രേതാവിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശവും, അധികാരവും ഉണ്ടായിരിക്കുന്നതാണ്.

39. സർക്കാരിന്റെയോ, കോടതി നിയമ സംവിധാനങ്ങളുടെയോ ഉത്തരവുകളുടെയോ നിർദ്ദേശത്തിന്റെയോ അടിസ്ഥാനത്തിൽ കരാറുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമൂലം ക്രേതാവിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.
40. പ്രകൃതിക്ഷോഭം, സാംക്രമികരോഗങ്ങൾ, തീപിടുത്തം, വന്യമൃഗ ആക്രമണം, തൊഴിലാളി സമരം മുതലായവ മൂലം ക്രേതാവിനോ, ടി-യാന്റെ തൊഴിലാളികൾക്കോ യാതൊരു വിധ കഷ്ട നഷ്ടങ്ങൾക്കും കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതോ, നഷ്ടപരിഹാരം നൽകുന്നതോ അല്ല.

Sd/-
മാനേജിങ്ഡയറക്ടർ

**<u>പ്രഖ്യാപനം</u>: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:
തീയതി: